# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

03-06-2021

## (3) 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ ഭരണഘടനാ സാധുത

2021 ജൂൺ 3-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രനിയമം നിലനിൽക്കുന്ന സാഹചര്യത്തിൽ 1897-ലെ The Epidemic Diseases Act (Central Act 3 of 1897)-ന്റെ പരിധിയിൽനിന്നും മലബാർ മേഖലയുടെ പ്രാബല്യം ഇല്ലാതാക്കി സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്നും പിഴ ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ലാതെ കൊണ്ടുവന്ന ബിൽ പുനഃപരിശോധിക്കണമെന്നും ഇതിനെതിരെ സ്പീക്കർ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ മറ്റൊരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ചട്ടപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും നിലവിൽ സംസ്ഥാനത്തുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുംവേണ്ടിയാണ് ഈ നിയമം

കൊണ്ടുവരുന്നതെന്നും ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

ഭരണഘടനയിലെ 254-ാം അനുച്ഛേദത്തിൽ, കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തിലുള്ള നിയമനിർമ്മാണമായാൽപ്പോലും അതിന് കേന്ദ്ര നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയോട് വൈരുദ്ധ്യമുണ്ടെങ്കിൽ സംസ്ഥാന നിയമത്തിലെ അപ്രകാരം വൈരുദ്ധ്യമുള്ള ഒരു വ്യവസ്ഥ മാത്രമേ അസാധുവാകുന്നുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്.

ബില്ലിലെ വ്യവസ്ഥകൾക്ക് കേന്ദ്രനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകളോട് വൈരുദ്ധ്യമുണ്ടെങ്കിലും സംസ്ഥാന ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന വിഷയത്തിന്മേൽ ഒരു നിയമനിർമ്മാണം നടത്തുവാനുള്ള സംസ്ഥാന നിയമസഭയുടെ പരമാധികാരത്തെ ഒരുവിധത്തിലും പരിമിതപ്പെടുത്തുന്നില്ലെന്നതാണ് നിയമവ്യവസ്ഥ. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

---